MALAYALA BHASHA PRACHARANA SANGHAM (REGD.)
മലയാള ഭാഷാ പ്രചാരണ സംഘം (രജി.)
11. GREEN VILLA, HIMALAYA HOUSING SOCIETY, GHATKOPAR, MUMBAI 400084

പത്രക്കുറിപ്പ്

10-11-2026

സാഹിത്യ മത്സരങ്ങളുടെ അവസാന തിയ്യതി നീട്ടി.

മലയാള ഭാഷാ പ്രചാരണ സംഘം അഖില മഹാരാഷ്ട്ര അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന സാഹിത്യ മത്സരങ്ങൾക്കുള്ള രചനകൾ ലഭിക്കേണ്ട അവസാന തിയ്യതി നവംബർ 15 വരെ നീട്ടിയിരിക്കുന്നു.

ചെറുകഥ: വിഷയം ഏതുമാകാം, 15 പേജിൽ കവിയരുത്

കവിത: വിഷയം ഏതുമാകാം, 60 വരിയിൽ കവിയരുത്

ലേഖനം: 20 പേജിൽ കവിയരുത്. വിഷയം:

"വിരൽത്തുമ്പിലെ വായനയും മാറുന്ന ലോകവും"

മത്സരത്തിനയയ്ക്കുന്ന കൃതികൾ മൗലികമായിരിക്കണം. അച്ചടി മാദ്ധ്യമങ്ങളിലോ സാമൂഹ്യ മാദ്ധ്യമങ്ങളിലോ മുമ്പ് പ്രസിദ്ധികരിച്ച കൃതികൾ മത്സരത്തിന് സ്വീകരിക്കുന്നതല്ല. A 4 പേജിൽ ഇരുപത്തഞ്ച് വരിയിൽ കവിയാതെ ഒരു പുറത്ത് മാത്രം എഴുതിയതോ, ടൈപ്പ് ചെയ്തതോ ആയിരിക്കണം. രചയിതാവിന്റെ പേരും മേൽവിലാസവും ഫോൺ നമ്പരും ഇമെയിൽ വിലാസവും പ്രത്യേകം പേജിൽ എഴുതി കൃതിയോടൊപ്പം അയയ്ക്കേണ്ടതാണ്. കൃതിയുടെ ഒരു ഭാഗത്തും പേരോ, മേൽവിലാസമോ, ഫോൺ നമ്പറോ, ഇമെയിൽ വിലാസമോ, ഒപ്പോ രേഖപ്പെടുത്താൻ പാടില്ല.

മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ച് നൽകുന്നതല്ല. സമ്മാനാർഹമാകുന്ന രചനകൾ മലയാള ഭാഷാ പ്രചാരണ സംഘത്തിന്റെ മുഖപത്രമായ 'കേരളം വളരുന്നു' വിൽ പ്രസിദ്ധീകരിക്കാനുള്ള അവകാശം മലയാള ഭാഷാ പ്രചാരണ സംഘത്തിൽ നിക്ഷിപ്തമാണ്.

ഓരോ സാഹിത്യ ശാഖയിലും ഒന്നും രണ്ടും വിജയികളെ പ്രമുഖ സാഹിത്യകാരന്മാർ തിരഞ്ഞെടുക്കും. വിജയികളെ പതിനഞ്ചാം മലയാളോത്സവം സമാപന സമ്മേളനത്തിൽ വച്ച് സമ്മാനത്തുകയും ട്രോഫിയും നൽകി ആദരിക്കുന്നതുമാണ്.

മത്സരത്തിനുള്ള രചനകൾ ഇമെയിൽ വഴി 2026 നവംബർ 15 വരെ **bhasholsavammumbai@gmail.com** എന്ന ഇമെയിൽ വിലാസത്തിൽ ലഭിക്കണം. ടൈപ്പ് ചെയ്തതിന്റെ pdf പ്രതി മാത്രമേ സ്വീകരിക്കുകയുള്ളൂ. കയ്യെഴുത്തുപ്രതിയാണെങ്കിൽ വ്യക്തമായി സ്കാൻ ചെയ്ത് അയക്കേണ്ടതാണ്. രചനകളുടെ ഫോട്ടോ അയച്ചാൽ പരിഗണിക്കുകയില്ല.

റീന സന്തോഷ്
ജനറൽ സെക്രട്ടറി
Mobile: 9892690978